ഉത്തരം

(എ) 23 ഒഴിവുകൾ നിലവിലുണ്ട്.

(ബി) പ്രസ്തുത ഒഴിവുകളിലേക്ക് നിയമനം നടത്താൻ പി.എസ്.സി.യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ലാൻഡ് ട്രിബ്യൂണലുകളിൽ പട്ടയം ലഭിക്കുന്നതിനുവേണ്ടി തീർപ്പ് കൽപ്പിക്കപ്പെടാതെ കിടക്കുന്ന കേസുകൾ

39 [1605] ശ്രീ. ഒ. ഭരതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ലാൻഡ് ട്രിബ്യൂണലുകളിലായി പട്ടയം ലഭിക്കുന്നതിനുവേണ്ടി തീർപ്പു കൽപ്പിക്കപ്പെടാതെ കിടക്കുന്ന കേസുകളെത്രയെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതിൽ കഴിഞ്ഞ അഞ്ചുവർഷത്തിനു മുമ്പുള്ള കേസുകൾ എത്ര വീതമെന്ന് വ്യക്തമാക്കാമോ;

(സി) ഇതുവരെ തീർപ്പാകാതെ കിടക്കുന്ന കേസുകളുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി, സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ലീഗൽ അസിസ്റ്റന്റ് നിയമനത്തിലെ ക്രമക്കേടുകൾ

40 [1607] ശ്രീ. എം. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമ വകുപ്പിലെ ലീഗൽ അസിസ്റ്റന്റുമാരെ നിയമിക്കുന്നതിനുള്ള റാങ്ക് ലിസ്റ്റ് തയ്യാറാക്കാൻ എൻട്രൻസ് എക്സാമിനേഷൻ കമ്മീഷണറെ എന്നുമുതലാണ് സർക്കാർ ചുമതലപ്പെടുത്തിയതെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത കമ്മീഷണർ ഇതിനായി എത്ര പരീക്ഷ നടത്തിയിട്ടുണ്ട്; എത്ര റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) എൻട്രൻസ് എക്സാമിനേഷൻ കമ്മീഷണർ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ വ്യത്യാസം വരുത്തിയാണോ മെറിറ്റ് ലിസ്റ്റ് തയ്യാറാക്കിയതെന്ന് വ്യക്തമാക്കാമോ;

(ഡി) ഡിപ്പാർട്ട്മെന്റ് അണ്ടർ ഗവൺമെന്റ് വിഭാഗത്തിലെ 73-ാം റാങ്കിന് പിന്നിലുള്ളവരെ സെക്രട്ടേറിയറ്റ് ലിസ്റ്റിലെ 8 മുതൽ 11 വരെയുള്ള റാങ്കുകാരായി മെറിറ്റ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണമെന്താണ്;

LIBRARY ARCHIVES Kerala Legislative Assembly